"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയെ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി പരിവർത്തനം ചെയ്ത് കൊണ്ടും, ടി തസ്തിക സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/SJD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. 08.03.2010-ലെ സ. ഉ. (എം.എസ്) നമ്പർ . 20/2010/സാ.ക്ഷേ.വ സർക്കാർ ഉത്തരവ്
2. 11.04.2012-ലെ സ. ഉ. (എം.എസ) നമ്പർ. 23/2012/സാ.ക്ഷേ.വ സർക്കാർ ഉത്തരവ്
3. 30.06.2017-ലെ സ. ഉ. (കൈ) നമ്പർ. 24/2017/സാ.നീ.വ. സർക്കാർ ഉത്തരവ്.
4. 07.10.2018-ലെ സ. ഉ. (കൈ) നമ്പർ. 23/2018/സാ.നീ.വ. സർക്കാർ ഉത്തരവ്.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.08.2022, 11.01.2023 എന്നീ തീയതികളിലെ എസ്.ജെ.ഡി./1715/2020-ഇ.2. നമ്പർ. കത്തുകളും, 05.10.2024, 07.07.2025 എന്നീ തീയതികളിലെ എസ്.ജെ.ഡി./4733/2023-ഇ.2. നമ്പർ. കത്തുകളും.
6. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 26.09.2022, 10.11.2022 എന്നീ തീയതികളിലെ ഒ.സി.ബി.1.-865/2022 നമ്പർ. കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സാമൂഹ്യനീതി വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ രണ്ട് (2) തസ്തികയും, ഹെഡ് ക്ലാർക്കിന്റെ ഒരു (1) തസ്തികയും സൃഷ്ടിച്ച് കൊണ്ട് പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി പ്രസ്തുത ബോർഡിലെ ഹെഡ് ക്ലാർക്ക് തസ്തിക പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയായി ഉയർത്തി കൊണ്ടും കാഷ്വൽ സ്വീപ്പർ, പ്യൂൺ, ഡി.റ്റി..പി. ഓപ്പറേറ്റർ എന്നീ തസ്തികകൾ ഓട്ട്സോഴ്സ് ചെയ്യുന്നതിനും അനുമതി നൽകികൊണ്ടും പരാമർശം 2-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.ജയിൽ മോചിതരും പരോളിൽ പുറത്തിറങ്ങുന്നവരുമായ കുറ്റവാളികളെ നിരീക്ഷിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്യുന്ന ഫീൽഡ് തല അന്വേഷണ ഉദ്യോഗസ്ഥരാണ് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലുള്ളതെന്നും ഈ ജോലി സ്വഭാവവും ഓർഫനേജ് കൺട്രോൾ ബോർഡിലെ ജോലി സ്വഭാവവും താരതമ്യം ചെയ്യുമ്പോൾ ഫയൽ സൂപ്പർ വിഷൻ, വിഷയ പരിജ്ഞാനം, ഫണ്ട് വിനിയോഗം സ്ഥാപനത്തിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക എന്നിവയിലെ പ്രായോഗികത കണക്കിലെടുത്ത് ബോർഡിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തനങ്ങൾക്കായി പ്രസ്തുത കാര്യാലയത്തിൽ നിലവിലുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയെ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി പരിവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയും പരാമർശം 5, 6 എന്നിവ പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയെ കുറഞ്ഞ ശമ്പള സ്കെയിലിൽ ഉള്ളതായ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി പരിവർത്തനം ചെയ്യുന്നത് കൊണ്ട് സർക്കാരിന് അധികമായ സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സാഹചര്യമില്ലാത്തതിനാൽ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിൽ പരാമർശം 2-പ്രകാരം അനുവദിച്ചിട്ടുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തിക റദ്ദാക്കി പകരമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തി ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തിക അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്,
വികാസ് ഭവൻ, മൂന്നാംനില, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, ജില്ലാ ട്രഷറി, തിരുവനന്തപൂരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ),
കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ് ) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ
13.01.2026-ലെ ഡബ്ലിയു.ഡബ്ലിയു.2/302/2022/ധന
നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 09-02-2026 17:04:33

സെക്ഷൻ ഓഫീസർ